# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജനുവരി 22<br>January 22 | 2020 |
|---|---|

1193 മകരം 8 ബുധൻ

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**ബ്യൂറോ ചീഫുമാരുടെ ശ്രദ്ധയ്ക്ക്**

**പത്തനംതിട്ട ജില്ലാതല പട്ടയമേള ജനുവരി 23ന് രാവിലെ 11 ന് പത്തനംതിട്ട സെന്റ് സ്റ്റീഫൻസ് ഓഡിറ്റോറിയത്തിൽ റവന്യൂ-ഭവന നിർമാണവകുപ്പ് മന്ത്രി ഇ.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യും. അങ്ങയുടെ സ്ഥാപനത്തിന്റെ പ്രതിനിധിയെ ഈ പരിപാടി കവർ ചെയ്യുന്നതിന് അയയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.**

**ജില്ലാ ഇൻഫർമേഷൻ ഓഫീസർ**

**ജില്ലാതല പട്ടയമേള ഇന്ന് (23)**
**മന്ത്രി ഇ.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യും**

ജില്ലാതല പട്ടയമേള ഇന്ന് (ജനുവരി 23) രാവിലെ 11 ന് പത്തനംതിട്ട സെന്റ് സ്റ്റീഫൻസ് ഓഡിറ്റോറിയത്തിൽ റവന്യൂ-ഭവന നിർമ്മാണവകുപ്പ് മന്ത്രി ഇ.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യും. വീണാ ജോർജ് എം.എൽ.എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എം.പി മുഖ്യാതിഥിയാകും. ജില്ലാ കളക്ടർ പി.ബി നൂഹ് റിപ്പോർട്ട്

അവതരിപ്പിക്കും. എം.എൽ.എ മാരായ മാത്യു ടി. തോമസ്, ചിറ്റയം ഗോപകുമാർ, രാജു എബ്രഹാം, കെ.യു ജനീഷ് കുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, മുൻസിപ്പൽ ചെയർപേഴ്സൺ റോസ്ലിൻ സന്തോഷ്, എൽ.ആർ ഡെപ്യൂട്ടി കളക്ടർ എസ്.ശിവപ്രസാദ്, മുൻസിപ്പൽ വാർഡ് മെബർ സുശീല പുഷ്പൻ, കോഴഞ്ചേരി തഹസിൽദാർ കെ. ഓമനക്കുട്ടൻ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

അർഹരായ മുഴുവൻ പേർക്കും സമയബന്ധിതമായി പട്ടയം ലഭ്യമാക്കുന്നതിന്റെ ഭാഗമായാണു ജില്ലയിൽ നാളെ പട്ടയ വിതരണം നടക്കുക. ആറു താലൂക്കുകളിലായി 501 പട്ടയങ്ങളെന്നു പട്ടയമേളയിൽ വിതരണം ചെയ്യുക. ഇതിൽ ഏറ്റവും കൂടുതൽ പട്ടയം വിതരണം ചെയ്യുക റാന്നി താലൂക്കിലാണ്. 373 പട്ടയങ്ങളാണ് ഇവിടെ വിതരണം ചെയ്യുക. റാന്നി താലൂക്കിലെ അത്തിക്കയം വില്ലേജിലെ 46 ഏക്കർ സ്ഥലം വേർതിരിക്കുകയും പട്ടയം നൽകാൻ ശേഷിക്കുന്ന 32 ഏക്കറിലെ 99 പേർക്ക് പട്ടയം വിതരണ സജ്ജമായിട്ടു . കരിങ്കുളം പട്ടികവർഗ കോളനിയിൽ 87 പട്ടയങ്ങളും പെരുനാട് വില്ലേജിലെ കോട്ടിപ്പാറയിൽ 64 പട്ടയങ്ങളും പമ്പാവാലിയിൽ 40 പേർക്കുമുള്ള പട്ടയവുമാണ് വിതരണത്തിന് സജ്ജമായിട്ടുള്ളത്. താലൂക്കടിസ്ഥാനത്തിൽ കോന്നിയിൽ 54 പട്ടയങ്ങളും, തിരുവല്ലയിൽ 24, കോഴഞ്ചേരി 24, മല്ലപ്പള്ളി 20, അടൂരിൽ ആറും പട്ടയങ്ങളാണു വിതരണത്തിനായി സജ്ജമായിട്ടുള്ളത്.

(പിഎൻപി 383/2020)

## കോന്നിയിലെ മലയോര കർഷകർക്കുള്ള 3000 പട്ടയങ്ങളുടെ വിതരണം മാർച്ചിൽ നടത്തും: ജില്ലാ കളക്ടർ

കോന്നി താലൂക്കിലെ മലയോര കർഷകർക്കുള്ള 3000 പട്ടയങ്ങളുടെ വിതരണം മാർച്ച് 31ന് അകം നടത്തുമെന്ന് ജില്ലാ കളക്ടർ പി.ബി നൂഹ് പറഞ്ഞു. മല്ലപ്പള്ളി താലൂക്കിൽ പെരുമ്പെട്ടി വില്ലേജിലുള്ള 512 പട്ടയങ്ങൾ വിതരണത്തിനു തയ്യാറായിട്ടു . ജില്ലാതലപട്ടയ വിതരണത്തിൽ ഇവ വിതരണം ചെയ്യാത്തതിനു പ്രായോഗികമായ തടസമുള്ളത് വനം വകുപ്പ് നൽകിയ എതിർപ്പ് നിലനിൽക്കുന്നതിനാലാണ്. വനം വകുപ്പ് നൽകിയ എതിർപ്പിനു മിനിസ്ട്രി ഓഫ് എൻവയോൺമെന്റൽ ഫോറസ്റ്റിന്റെ ക്ലിയറൻസ് ലഭിച്ചാൽ മാത്രമേ പട്ടയം വിതരണം ചെയ്യുവാൻ സാധിക്കൂ. ര ു മാസത്തിനകം പെരുമ്പെട്ടി പട്ടയങ്ങൾക്കു ക്ലിയറൻസ് ലഭിക്കും എന്നാണു വനം വകുപ്പിൽ നിന്ന് അറിയിച്ചിട്ടുള്ളത്. ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് പട്ടയ വിതരണം നടക്കും. 62 വർഷമായി മുടങ്ങിക്കിടന്നിരുന്ന പട്ടയങ്ങൾക്കു ശാശ്വത പരിഹാരമാകും.

കോന്നിയിലെ കർഷകർക്കു പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഊർജിതമായി നടന്നു വരികയാണ്. കോന്നി പട്ടയങ്ങൾക്കും മിനിസ്ട്രി ഓഫ് എൻവയോൺമെന്റൽ ഫോറസ്റ്റിന്റെ ക്ലിയറൻസ് ലഭിക്കേ തു . അവ മാർച്ച് 31 മുൻപ് ലഭ്യമാക്കുമെന്നും കളക്ടർ പറഞ്ഞു.

(പിഎൻപി 384/2020)

## ഏനാത്ത് സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട ഉദ്ഘാടനം ഇന്ന്(23) മന്ത്രി ഇ. ചന്ദ്രശേഖരൻ നിർവഹിക്കും

ആധുനിക സൗകര്യങ്ങളോടുകൂടിയ ഏനാത്ത് സ്മാർട്ട് വില്ലേജ് ഓഫീസ് മന്ദിരം റവന്യു-ഭവന നിർമ്മാണ വകുപ്പ് മന്ത്രി ഇ.ചന്ദ്രശേഖരൻ ഇന്ന്(23) രാവിലെ 10ന് ഉദ്ഘാടനം ചെയ്യും. ചിറ്റയം ഗോപകുമാർ എം.എൽ.എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എം.പി മുഖ്യാതിഥിയാകും.

ജില്ലാ കളക്ടർ പി.ബി നൂഹ്, എ.ഡി.എം അലക്സ് പി.തോമസ്, പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീനാപ്രഭ, ജില്ലാ പഞ്ചായത്ത് അംഗം ബി.സതികുമാരി, ഏഴംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബി.ലത, പറക്കോട് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എസ്. രാധാകൃഷ്ണൻ, ഏഴംകുളം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് രാധാമണി ഹരികുമാർ, ബ്ലോക്ക് പഞ്ചായത്ത് അംഗം കെ.ചന്ദ്രമതി, ബ്ലോക്ക് പഞ്ചായത്ത് അംഗം രമ ജോഗീന്ദർ, ജനപ്രതിനിധികൾ, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പ്രസംഗിക്കും.

സർക്കാർ സ്ഥാപനങ്ങൾ ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി പഴയ മാർക്കറ്റ് ജംഗ്ഷനു സമീപമാണ് സ്മാർട്ട് വില്ലേജ് ഓഫീസ് മന്ദിരം നിർമ്മിച്ചിട്ടുള്ളത്.

(പിഎൻപി 385/2020)

## 44 ലക്ഷം രൂപ ചിലവിൽ
## സ്മാർട്ടായി ഏനാത്ത് വില്ലേജ് ഓഫീസ്

കേരള സർക്കാർ 2018-2019 സാമ്പത്തിക വർഷം ഏനാത്ത് സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനായി 44 ലക്ഷം രൂപയാണ് അനുവദിച്ചത്. ജില്ലാ നിർമ്മിതി കേന്ദ്രമാണു നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു പൂർത്തീകരിച്ചത്. റവന്യൂ വകുപ്പിന്റെ പരിധിയിലുള്ള 4.25 സെന്റ് സ്ഥലത്ത് 1471 സ്ക്വയർ ഫീറ്റിലാണ് ഇരുനിലകെട്ടിടം നിർമ്മിച്ചിരിക്കുന്നത്. വില്ലേജ് ഓഫീസർ ഉൾപ്പെടെ ഒൻപത് ഉദ്യോഗസ്ഥർക്കു ജോലി ചെയ്യുന്നതിനുള്ള സ്ഥലം ക്രമീകരിച്ചിട്ടു ്. കൂടാതെ മുകളിലത്തെ നിലയിൽ റെക്കോഡ് റൂം, ഡൈനിംഗ് ഹാൾ, ശൗചാലയം എന്നിവയും താഴത്തെ നിലയിൽ പൊതുജനങ്ങൾക്കുള്ള കാത്തിരിപ്പ് കേന്ദ്രം, ഫ്ര ് ഓഫീസ്, ശൗചാലയം എന്നിവയും ഒരുക്കിയിട്ടു ്. ഭിന്നശേഷിക്കാർക്കും അല്ലാത്തവർക്കും സൗകര്യപ്രദമായ രീതിയിലാണു നിർമ്മാണം. ഓഫീസിന് ആവശ്യമായ ഫർണിച്ചർ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് വർക്ക്സ് ഉൾപ്പെടെയുള്ള പണികൾ നേരത്തെ തന്നെ പൂർത്തീകരിച്ചിരുന്നു. ആധുനിക സജീകരണങ്ങളോടെ വില്ലേജ് ഓഫീസ് സജ്ജമാകുന്നതോടെ പൊതുജനങ്ങൾക്കു കൂടുതൽ സൗകര്യപ്രദമാകും.

(പിഎൻപി 386/2020)

## ജീവനിലേക്കുള്ള പ്രവർത്തനമായി ജീവനിയെ
## മാറ്റണം: വീണാ ജോർജ് എം.എൽ.എ

ജീവനിലേക്കുള്ള ഏറ്റവും വലിയ പ്രവർത്തനമായി ജീവനിയെ മാറ്റണമെന്നു വീണാ ജോർജ് എം.എൽ.എ പറഞ്ഞു. കോഴഞ്ചേരി പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ 'നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം' എന്ന ആപ്തവാക്യത്തോടെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന ജീവനി പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു എം.എൽ.എ.

ഒരു വലിയ ലക്ഷ്യത്തിലേക്കുള്ള പരിശ്രമത്തിന്റെ തുടക്കമാണു ജീവനി പദ്ധതി. പ്രാദേശികമായി കൃഷിചെയ്ത വിഷരഹിത പച്ചക്കറി ഉപയോഗിക്കുകയും ഇതുവഴി ആരോഗ്യം പരിപാലിക്കുകയും ചെയ്യുക. പുതിയ പാലം പൂർത്തിയായശേഷം എം.എൽ.എയുടെ ഫ ് വഴി കോഴഞ്ചേരി ചന്തയുടെ വികസനം നടപ്പാക്കും. ചന്തയുടെ നവീകരണം സാധ്യമായാൽ കർഷകർക്കു ലാഭകരമായി കൃഷി ചെയ്യുവാനും സാധിക്കും. കർഷകരുടേയും ജനപ്രതിനിധികളുടേയും ജീവനക്കാരുടേയും സജീവ സഹകരണത്തോടെ നവംബറോടെ ആറന്മുള മണ്ഡലത്തെ സമ്പൂർണ്ണ തരിശ് രഹിതമാക്കാൻ സാധിക്കുമെന്നും വീണാ ജോർജ് എം.എൽ.എ പറഞ്ഞു.

ചടങ്ങിൽ പന്തളം പോലീസ് സ്റ്റേഷൻ വളപ്പിലേക്കുള്ള പച്ചക്കറി തൈ വിതരണ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ എലിസബത്ത് അബു നിർവഹിച്ചു. സ്കൂൾ വളപ്പിലെ പച്ചക്കറി കൃഷി തൈയുടെ വിതരണോദ്ഘാടനം കോഴഞ്ചേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മിനി ശ്യാം മോഹൻ നിർവഹിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ ഷീജ ആരോഗ്യ ബോധവത്കരണം നടത്തി.

സംയോജിത മാതൃകാ കൃഷി ധനസഹായ വിതരണവും വീണാ ജോർജ് എം.എൽ.എ നിർവഹിച്ചു. കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ശ്യാം മോഹൻ അധ്യക്ഷത വഹിച്ചു. കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എം.എസ് പ്രകാശ് കുമാർ, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തംഗം ബിജിലി പി. ഈശോ, കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ലത ചെറിയാൻ, ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ മധു ജോർജ് മത്തായി, ജില്ലാ ആത്മ പ്രോജക്ട് ഡയറക്ടർ വിനോജ് മാമ്മൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ജോർജ് ബോബി, കൃഷി ഡെപ്യൂട്ടി ഡയറക്ടർ സൂസൻ വറുഗീസ്, വി.എഫ്.പി.സി.കെ ജില്ലാ മാനേജർ ബിന്ദു മാത്യു, രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ മു ക്കൽ ശ്രീകുമാർ, വാളകം ജോൺ, കലാനിലയം രാമചന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.

വിഷവിമുക്ത പച്ചക്കറി സംസ്ഥാനമൊട്ടാകെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് 'ജീവനി' എന്ന പദ്ധതി സംസ്ഥാന സർക്കാർ നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി പരമ്പരാഗത പച്ചക്കറി വിത്തിനങ്ങൾ തിരഞ്ഞെടുത്ത് പ്രചരിപ്പിക്കുക, എല്ലാ വീട്ടിലും കൃഷി പ്രോത്സാഹിപ്പിക്കുക, സാധ്യമായ പൊതു/സ്വകാര്യ സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുക, കർഷകർക്കുള്ള പരിശീലനവും ബോധവത്ക്കരണവും സംഘടിപ്പിക്കുക തുടങ്ങിയവയിലൂടെ ആരോഗ്യരംഗത്ത് സമഗ്രമായ മാറ്റത്തിനു വഴിയൊരുക്കുകയാണ് പദ്ധതി. പച്ചക്കറികളുടെ ഉൽപ്പാദനത്തോടൊപ്പം വിപണി സാധ്യത ഉറപ്പുവരുത്തുന്നതിനായി ഇക്കോഷോപ്പ്, എ ഗ്രേഡ് ക്ലസ്റ്റർ എന്നിവ ശക്തിപ്പെടുത്തുകയും, നഗരപ്രദേശങ്ങളിൽ ഉൽപ്പന്നങ്ങളുടെയും ഉൽപ്പാദനോപാധികളുടെയും വിപണനകേന്ദ്രം തുടങ്ങുകയും ചെയ്യുന്നു. പദ്ധതിയിലൂടെ ജില്ലയിലെ എല്ലാ പഞ്ചായത്ത്, മുൻസിപ്പാലിറ്റിയിലെ ജനപ്രതിനിധികളുടെ വീടുകളിലും ജൈവരീതിയിലുള്ള പോഷകപ്രദർശനത്തോട്ടം നിർമ്മിക്കും.

***ഫോട്ടോ അടിക്കുറിപ്പ്: ജീവനി:-*** കോഴഞ്ചേരി പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ ജീവനി പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം വീണാ ജോർജ് എം.എൽ.എ നിർവഹിക്കുന്നു.

***ജീവനി 1, 2:-*** കോഴഞ്ചേരി പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ ജീവനി പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം നിർവഹിച്ച് വീണാ ജോർജ് എം.എൽ.എ സംസാരിക്കുന്നു.

(പിഎൻപി 387/2020)

## നാഷണൽ. യൂത്ത് സെമിനാർ റീഡിംഗ് ദ ഫ്യൂച്ചർ; അപേക്ഷിക്കാനുള്ള തീയതി നീട്ടി

കേരള സംസ്ഥാന യുവജന കമ്മീഷൻ 2020 ഫെബ്രുവരി 19 മുതൽ 21 വരെ തിരുവനന്തപുരത്തു വച്ച് 'റീഡിങ് ദി ഫ്യൂച്ചർ' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ത്രിദിന ദേശീയ സെമിനാറിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള 18 നും 40 നും മദ്ധ്യേ പ്രായമുള്ള വിദ്യാർത്ഥികൾ/യുവതീയുവാക്കൾ ജനുവരി 31 നകം ബയോഡേറ്റയും അപേക്ഷയും ഫോട്ടോയും സഹിതം അപേക്ഷ സമർപ്പിക്കണം. അക്കാഡമിക് രംഗങ്ങളിലും അക്കാഡമിക്കേതര പ്രവർത്തനങ്ങളിലും മികവു പുലർത്തിയവർക്ക് മുൻഗണന. അപേക്ഷകൾ (ksycyouthseminar@gmail.com) എന്ന മെയിൽ ഐ.ഡിയിലോ വികാസ് ഭവനിലുള്ള കമ്മീഷൻ ഓഫീസിൽ തപാൽ മുഖേനയോ (കേരള സംസ്ഥാനയുവജന കമ്മീഷൻ, വികാസ് ഭവൻ, പി.എം. ജി, തിരുവനന്തപുരം -33), നേരിട്ടോ നൽകാം. അപേക്ഷ ഫോം കമ്മീഷന്റെ വെബ്സൈറ്റിൽ ലഭ്യമാണ് (www.ksyc.kerala.gov.in). കൂടുതൽ വിവരങ്ങൾക്ക് കമ്മീഷനുമായി ബന്ധപ്പെടുക (ഫോൺ. 0471-2308630).

(പിഎൻപി 388/2020)






.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജനുവരി 22<br>January 22 | 2020 |
|---|---|

1193 മകരം 8 ബുധൻ

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

### പേ വിഷബാധ പ്രതിരോധ മരുന്നുകൾ ആവശ്യത്തിനു ്: ഡി.എം.ഓ

പേ വിഷബാധയ്ക്കെതിരെയുള്ള വാക്സിനുകൾ ജില്ലയിലെ എല്ലാ ആശുപത്രികളിലും ആവശ്യത്തിനു ന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ ഷീജ അറിയിച്ചു. പത്തനംതിട്ട ടൗണിൽ പട്ടിയുടെ കടിയേറ്റ 20 പേർക്ക് ജനറൽ ആശുപത്രിയിൽ ചികിത്സ നൽകി. ടെറ്റനസ് ടോക്സോയിഡ്, ആന്റി റാബീസ് വാക്സിൻ, ഇമ്മ്യൂണോ ഗ്ലോബുലിൻ എന്നിവയാണ് പേവിഷബാധയ്ക്കെതിരായി നൽകിയത്. ടെറ്റനസ് ടോക്സോയിഡ്, ആന്റി റാബീസ് വാക്സിൻ എന്നിവ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഉൾപ്പെടെ എല്ലാ ആശുപത്രികളിലും ലഭ്യമാണ്. പട്ടികടിച്ച മുറിവിന്റെ ആഴം, സ്ഥലം തുടങ്ങിയവ പരിഗണിച്ചാണ് ഇമ്യൂണോ ഗ്ലോബുലിൻ കുത്തിവയ്ക്കുന്നത്. ഇത് ജില്ലയിലെ എല്ലാ പ്രധാന ആശുപത്രികളിലും ആവശ്യത്തിന് ലഭ്യമാക്കിയിട്ടു ്.

(പിഎൻപി 389/2020)

### പ്രകൃതി സൗഹൃദ ഉൽപ്പന്ന പ്രദർശനവും വിപണനവും നാളെ (24)

കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ നാളെ (24) പത്തനംതിട്ട ടൗൺ ഹാളിൽ പ്രകൃതി സൗഹൃദ ഉൽപ്പന്ന പ്രദർശനവും വിപണനവും സംഘടിപ്പിക്കും. നഗരത്തിലെ വ്യാപാര സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കും ഗുണനിലവാരമുള്ള പ്രകൃതി സൗഹൃദ

കുടുംബശ്രീ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക എന്ന ഉദേശത്തോടെ സംഘടിപ്പിക്കുന്ന വിപണനമേളയുടെ ഉദ്ഘാടനം നാളെ (24) രാവിലെ 10 ന് പത്തനംതിട്ട മുനിസിപ്പൽ ചെയർപേഴ്സന്റെ അധ്യക്ഷതയിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി നിർവഹിക്കും.

ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സംരംഭകർ തയ്യാറാക്കിയ വിവിധതരം തുണിസഞ്ചികൾ, പേപ്പർ ക്യാരി ബാഗുകൾ, തുകൽ ഉൽപ്പന്നങ്ങൾ, ജ്യൂട്ട് ഉൽപ്പന്നങ്ങൾ, മുള, ഈറ, തടി, ചിരട്ട ഉൽപ്പന്നങ്ങൾ, പ്രകൃതി സൗഹൃദ സ്ട്രോകൾ എന്നിവ ഈ വിപണനമേളയിൽ വിൽപ്പന നടത്തും.

(പിഎൻപി 390/2020)

## ഭരണഘടനാ സാക്ഷരതാ കലാജാഥ ഇന്ന് (23) ജില്ലയിൽ

സംസ്ഥാന സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ കാസർകോഡ് നിന്നും ആരംഭിച്ച ഭരണഘടനാ സാക്ഷരതാ കലാജാഥ ഇന്ന് (23) പത്തനംതിട്ട ജില്ലയിൽ എത്തിച്ചേരും. 'ഇന്ത്യ എന്ന റിപ്പബ്ലിക്' എന്ന പേരിലുള്ള കലാജാഥ ഇന്ന് രാവിലെ 10 ന് പെരിങ്ങരയിലും ഉച്ചയ്ക്ക് 3.30ന് ആറന്മുള എഴിക്കാട് കോളനിയിലും 6ന് ഇലന്തൂരിലും എത്തും. ഭരണഘടനയുടെ പ്രാധാന്യവും ലക്ഷ്യങ്ങളും സാധാരണ ജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ചിരിക്കുന്ന കലാജാഥ ഈ മാസം 30ന് തിരുവനന്തപുരത്ത് സമാപിക്കും. ഭരണഘടനാ സാക്ഷരതയുടെ ഭാഗമായി ജനുവരി 25ന് സംസ്ഥാനത്തെ 5000 കേന്ദ്രങ്ങളിൽ ഭരണഘടനയുടെ ആമുഖം വായിക്കും. പത്തനംതിട്ട ജില്ലയിൽ 125 കേന്ദ്രങ്ങളിൽ ഭരണഘടനയുടെ ആമുഖം വായിക്കുമെന്ന് ജില്ലാ സാക്ഷരതാ മിഷൻ കോ-ഓർഡിനേറ്റർ ഡോ. വി.വി മാത്യു അറിയിച്ചു.

(പിഎൻപി 391/2020)

## ജി.എസ്.ടി കുടിശിക; ജംഗമ വസ്തുക്കൾ ജപ്തി ചെയ്തു

റവന്യൂ റിക്കവറി നടപടികളുടെ ഭാഗമായി ജി.എസ്.ടി ഇനത്തിലെ കുടിശിക വരുത്തിയ കോഴഞ്ചേരി താലൂക്കിലെ മെഴുവേലി വില്ലേജിൽ, ഇഷാന വീട്ടിൽ കെ.കെ ബാലചന്ദ്രന്റെ ജംഗമ വസ്തുക്കൾ ജപ്തിചെയ്തു. പത്തനംതിട്ട റവന്യൂ റിക്കവറി തഹസിൽദാർ എം.എ ഷാജിയുടെ നേതൃത്വത്തിൽ ഡെപ്യൂട്ടി തഹസിൽദാർമാരായ കെ.എസ് സിറോഷ്, എസ്. ജയപ്രകാശ്, വില്ലേജ് ഓഫീസർ ഡി.വൽസമ്മ എന്നിവർ ഉൾപ്പെടുന്ന സംഘമാണ് വാഹനം ഉൾപ്പെടെയുള്ള ജംഗമ വസ്തുക്കൾ ജപ്തി ചെയ്തത്. കുടിശിക തുകയും, നടപടി ചെലവുകളും മൂന്നു ദിവസത്തിനകം ഒടുക്കാത്തപക്ഷം ജപ്തിചെയ്ത വസ്തുക്കൾ നിയമാനുസൃതം ലേലം ചെയ്യുമെന്ന് റവന്യൂ റിക്കവറി തഹസിൽദാർ അറിയിച്ചു.

(പിഎൻപി 392/2020)

## ഓഫീസ് സ്ഥലം വാടകയ്ക്ക്

സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ അധീനതയിലുള്ള തിരുവല്ല, അടൂർ റവന്യു ടവറുകളിൽ ഒഴിവുള്ള ഓഫീസ് സ്ഥലങ്ങൾ ബുധനാഴ്ച ദിവസങ്ങളിൽ അലോട്ടുമെന്റ് നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0469 2700096, 9446116163.

(പിഎൻപി 393/2020)

## കൂൺകൃഷി പരിശീലനം ജനുവരി 28 ന്

പത്തനംതിട്ട ജില്ലാ ഐ.സി.എ.ആർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ കൂൺകൃഷിയിൽ ഏകദിന പരിശീലനം ഈ മാസം 28 ന് രാവിലെ 10 മുതൽ നടക്കും. താൽപര്യമുള്ളവർ 25 ന് മൂന്നിന് മുമ്പായി സീനിയർ സയന്റിസ്റ്റ് ആൻഡ് ഹെഡ്, ഐ.സി.എ.ആർ കൃഷി വിജ്ഞാന കേന്ദ്രം, കാർഡ്, കോളഭാഗം പി.ഒ, തടിയൂർ, തിരുവല്ല – 689 545 എന്ന വിലാസത്തിലോ 9447801351 എന്ന ഫോൺ നമ്പരിലോ പേര് രജിസ്റ്റർ ചെയ്യണം.

(പിഎൻപി 394/2020)

## സി.ബി.എസ്.ഇ സ്കൂളുകളിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു

പട്ടികവർഗ വികസന വകുപ്പിനുകീഴിൽ തിരുവനന്തപുരം ജില്ലയിലെ ഞാറനീലി, കുറ്റിച്ചൽ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ സ്കൂളുകളിൽ 2020–21 അധ്യയനവർഷം ഒന്നാം ക്ലാസ് പ്രവേശനത്തിനായി പട്ടികവർഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു.

കുട്ടിയുടെ രക്ഷകർത്താവിന്റെ കുടുംബ വാർഷികവരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കാൻ പാടില്ല. പ്രാക്തന ഗോത്ര വിഭാഗക്കാരെ വരുമാന പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടു ്. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയിൽ കുട്ടിയുടെ പേര്, മേൽവിലാസം, രക്ഷിതാവിന്റെ പേര്, സമുദായം, വാർഷികവരുമാനം, ഫോൺ നമ്പർ എന്നിവ ഉൾപ്പെടുത്തണം. അപേക്ഷ സമർപ്പിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾ/രക്ഷകർത്താക്കൾ എന്നിവർ കേന്ദ്ര/സംസ്ഥാന/ പൊതുമേഖലാ ജീവനക്കാരല്ല എന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സത്യവാങ്മൂലം അപേക്ഷയോടൊപ്പം സമർപ്പിക്കണം. പൂരിപ്പിച്ച അപേക്ഷകൾ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്, വൈക്കം, റാന്നി എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ എത്തിക്കണം. പൂരിപ്പിച്ച അപേക്ഷ സമർപ്പിക്കേ അവസാന തീയതി ഫെബ്രുവരി ഒന്ന് വൈകുന്നേരം അഞ്ചിന്. കൂടുതൽ വിവരങ്ങൾക്ക് 04735 227703.

(പിഎൻപി 395/2020)

## ഗഹാൻ ഓൺ–ലൈൻ രജിസ്ട്രേഷൻ പരിശീലനം

സർവീസ് സഹകരണ ബാങ്കുകളുടെ ഇ–ഗഹാൻ ഫയലിംഗ് സംബന്ധിച്ച് രജിസ്ട്രേഷൻ വകുപ്പും സഹകരണ വകുപ്പും സംയുക്തമായി ബാങ്ക് സെക്രട്ടറിമാർക്ക് 25 ന് പരിശീലന ക്ലാസ് രാവിലെ 10 ന് ജില്ലാ സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ നടത്തും.

(പിഎൻപി 396/2020)

## സിഡിറ്റിൽ പ്രോജക്ട് സ്റ്റാഫ് ഒഴിവ്

സംസ്ഥാന സർക്കാരിന്റെ മോട്ടോർ വാഹന വകുപ്പിനുവേ ി സി–ഡിറ്റ് നടപ്പാക്കുന്ന ഫെസിലിറ്റി മാനേജ്മെന്റ് സർവീസ് പ്രോജക്ടിലെ താൽക്കാലിക

ഒഴിവുകളിലേക്ക് ഉദ്യോഗാർഥികളെ തിരഞ്ഞെടുക്കുന്നതിന് മേഖല അടിസ്ഥാനത്തിൽ നടത്തുന്ന ടെസ്റ്റ്/ ഇന്റർവ്യൂയിലേക്ക് യോഗ്യതയുള്ള അപേക്ഷകരെ ക്ഷണിച്ചു. രജിസ്റ്റർ ചെയ്യേ അവസാന തീയതി ജനുവരി 25. കൂടുതൽ വിവരങ്ങൾക്ക് www.cdit.org സന്ദർശിക്കുക.

(പിഎൻപി 397/2020)

## ഒ.ഇ.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന് അനുമതി ഉത്തരവ് വാങ്ങണം

സംസ്ഥാനത്ത് പോസ്റ്റ്മെട്രിക് തലത്തിൽ പഠിക്കുന്ന ഒ.ഇ.സി വിഭാഗം വിദ്യാർഥികളുടെ സ്കോളർഷിപ്പിനു ലഭ്യമായ അപേക്ഷകൾ സമയ ബന്ധിതമായി അതാതു ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ലഭ്യമാക്കി അനുമതി ഉത്തരവ് വാങ്ങേ തും ഉടൻ തന്നെ ക്ലെയിം സ്റ്റേറ്റ്മെന്റ് നൽകി അർഹരായ വിദ്യാർഥികൾക്കു കുടിശിക ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് എല്ലാ സ്ഥാപന മേധാവികളും നടപടി സ്വീകരിക്കണമെന്നു പിന്നാക്ക വിഭാഗ വികസന വകുപ്പ് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

(പിഎൻപി 398/2020)




.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| ജനുവരി 22<br>January 22 | 2020 |

1193 മകരം 8 ബുധൻ

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**ആരോഗ്യവകുപ്പിന്റെ ഓപ്പൺ ജിം പ്രക്കാനത്തുതന്നെ ആരംഭിക്കും: വീണാ ജോർജ് എം.എൽ.എ**

ചെന്നീർക്കരയിലെ പ്രക്കാനത്തുതന്നെ ആരോഗ്യവകുപ്പിന്റെ ഓപ്പൺ ജിം ആരംഭിക്കുമെന്ന് വീണാ ജോർജ് എം.എൽ.എ പറഞ്ഞു. ജീവിതശൈലീ രോഗങ്ങൾ വർധിച്ചു വരുന്ന സാഹചര്യത്തിൽ വ്യായാമവും കായിക വിനോദങ്ങളും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആർദ്രം ജനകീയ ക്യാമ്പയിന്റെ ഭാഗമായി പ്രക്കാനം പൊതു സ്റ്റേഡിയത്തിൽ നടക്കുന്ന ജില്ലാതല വോളിബോൾ മത്സരം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു എം.എൽ.എ.

പത്തനംതിട്ട ജനറൽ ആശുപത്രിയിൽ പ്രവർത്തിക്കുന്ന കാത്ത്ലാബ് സൗകര്യം സാധാരണക്കാർ ഏറെ പ്രയോജനം നൽകുന്നു ന്നും കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെ ആരോഗ്യരംഗത്ത് വലിയമാറ്റങ്ങളാണ് ഉ ാകുന്നതെന്നും ശരിയായ വ്യായാമം, നല്ല ഭക്ഷണം എന്നിവയിൽ ശ്രദ്ധചെലുത്തിയുള്ള ചിട്ടയായ ജീവിതം ശീലമാക്കാൻ പ്രത്യേകം ശ്രദ്ധചെലുത്തണമെന്ന് വീണാ ജോർജ് എം.എൽ.എ വ്യക്തമാക്കി.

പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസ്, ആരോഗ്യകേരളം എന്നിവ സംയുക്തമായി സംഘടിപ്പിച്ച പരിപാടിയിൽ ഫയർ ആന്റ് സേഫ്റ്റി ടീമും പ്രക്കാനം വോളീബോൾ അക്കാഡമി ടീമും തമ്മിൽ പ്രദർശന മത്സരം നടത്തി. ജില്ലയിലെ റവന്യൂ ബ്ലോക്കുകളെ പ്രതിനിധീകരിച്ചുള്ള ടീമുകളാണ് മത്സരിക്കുക. ചെന്നീർക്കര കുടുംബാരോഗ്യകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ജീവിതശൈലീ രോഗനിർണ്ണയ ക്യാമ്പും ആർദ്രം സ്റ്റാളും ക്രമീകരിച്ചിട്ടു ്.

ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് അംഗം കെ.എസ്.പാപ്പച്ചൻ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എ.എൽ ഷീജ, ആരോഗ്യകേരളം ജില്ലാ പ്രോഗ്രം മാനേജർ എബി സുഷൻ, ഡെപ്യൂട്ടി ഡി.എം.ഒ: സി.എസ് നന്ദിനി, ജില്ലാ ഫയർ ഓഫീസർ വിനോദ് കുമാർ, ആർദ്രം അസിസ്റ്റൻഡ് നോഡൽ ഓഫീസർ സി.ജി ശ്രീരാജ്, ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ടി.കെ.ജി നായർ, ഡെപ്യൂട്ടി മാസ് മീഡിയ ഓഫീസർ ടി.കെ അശോക് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: വോളിബോൾ1:-***

ആർദ്രം ജനകീയ ക്യാമ്പയിന്റെ ഭാഗമായി പ്രക്കാനം പൊതു സ്റ്റേഡിയത്തിൽ ആരംഭിച്ച ജില്ലാതല വോളിബോൾ മത്സരം വീണാ ജോർജ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.

***വോളിബോൾ:-*** ആർദ്രം ജനകീയ ക്യാമ്പയിന്റെ ഭാഗമായി പ്രക്കാനം പൊതു സ്റ്റേഡിയത്തിൽ ആരംഭിച്ച ജില്ലാതല വോളിബോൾ മത്സരം ഉദ്ഘാടനം ചെയ്ത് വീണാ ജോർജ് എം.എൽ.എ സംസാരിക്കുന്നു.

(പിഎൻപി 399/2020)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

.